# കേരള സർവകലാശാല

നം. പി.ആർ.097/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ശില്പശാല സംഘടിപ്പിക്കും

പരീക്ഷാസംവിധാനം കാര്യക്ഷമമാക്കുന്നതിനായി മേയ് രണ്ട്, മൂന്ന് തീയതികളിൽ സർവകലാശാല ആസ്ഥാനത്ത് വച്ച് ശില്പശാല സംഘടിപ്പിക്കും. മേയ് രണ്ടിന് രാവിലെ 9.30-ന് സെനറ്റ് ചേമ്പറിൽ ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ശില്പശാല ഉദ്ഘാടനം ചെയ്യും.

## പുന:ക്രമീകരിച്ച പരീക്ഷാതീയതി

ഏപ്രിൽ 30-ന് സർവകലാശാല നടത്താനിരുന്ന വിവിധ പരീക്ഷകളുടെ പുന:ക്രമീകരിച്ച തീയതികളുടെ വിശദവിവരം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ പരീക്ഷാ കേന്ദ്രം

മാർ ഇവാനിയോസ് കോളേജ് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച് എം.ജി കോളേജിൽ ഫൈനൽ ഇയർ ബി.എ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ മേയ് രണ്ടിന് തുടങ്ങുന്ന മെയിൻ പേപ്പർ രണ്ട്, തുടർന്നുള്ള മെയിൻ പേപ്പർ ഒന്ന്, സബ്സിഡിയറി പരീക്ഷകൾ അവർ അപേക്ഷിച്ച പരീക്ഷാകേന്ദ്രമായ മാർ ഇവാനിയോസ് കോളേജിൽ തന്നെ എഴുതേണ്ടതാണ്.

## ഒന്നാം വർഷ ബിരുദപ്രവേശനം 2018–

## അക്ഷയകേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പരിശീലനം – മേയ് 04 ന്

കേരള സർവകലാശാല 2018 വർഷത്തെ ഒന്നാം വർഷ ബിരുദപ്രവേശനവുമായി ബന്ധപ്പെട്ട് വിവിധ അക്ഷയകേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകും. മേയ് നാലിന് രാവിലെ 11 മണിക്ക് സർവകലാശാല ആസ്ഥാനത്തുള്ള കമ്പ്യൂട്ടർ സെന്ററിൽ വച്ചാണ് പരിശീലനം. ഒരു അക്ഷയകേന്ദ്രത്തിൽ നിന്ന് ഒരാൾക്ക് ഈ സൗജന്യ പരിശീലനത്തിൽ പങ്കെടുക്കാം. പങ്കെടുക്കാനാഗ്രഹിക്കുന്നവർ മേയ് മൂന്നിന് മുൻപ് 0471-2386296 എന്ന നമ്പറിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യണം. സോഫ്റ്റ്വെയറിലും, രജിസ്ട്രേഷൻ രീതിയിലും വരുത്തിയിട്ടുള്ള മാറ്റങ്ങൾ പരിശീലനത്തിൽ വിശദീകരിക്കും. പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിട്ടാണ് സർവകലാശാല ഇത്തരത്തിൽ പരിശീലനം സംഘടിപ്പിക്കുന്നത്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണം. പങ്കെടുക്കുന്നവർ സ്വന്തം ചെലവിൽ ഹാജരാകണം.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ കോഴ്സിന് അപേക്ഷ ക്ഷണിയ്ക്കുന്നു. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി ജയിച്ചിരിക്കണം. ജി.എൻ.എം/ബി.എസ്സി; നഴ്സിംഗ് കൂടാതെ കേരള രജിസ്ട്രേഷൻ ചെയ്തിരിക്കണം. ഫീസ്: 7500 രൂപ. ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ. കോഴ്സ് കാലാവധി: ആറ് മാസം. അവസാന തീയതി: മേയ് 10. വിവരങ്ങൾക്ക്: 0471-2302523.

## പി.ജി. സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് ജേർണലിസം തീയതി നീട്ടി

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി. സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് ജേർണലിസം കോഴ്സിന് അപേക്ഷ സമർപ്പിക്കാനുള്ള തീയതി നീട്ടി. അവസാന തീയതി മേയ് 10. യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം. കോഴ്സ് കാലാവധി: ആറ് മാസം. ഫീസ് : 10,500/- രൂപ. അപേക്ഷ ഫീസ്: 150/- രൂപ. അപേക്ഷ ഫോറം പി.എം.ജി. ജംഗ്ഷനിലെ CACEE ഓഫീസിൽ ലഭിയ്ക്കും. വിവരങ്ങൾക്ക്: 0471– 2302523.

## ബി.കോം ആന്വൽ സ്കീം പരീക്ഷാകേന്ദ്രങ്ങൾ

ബി.കോം ആന്വൽ സ്കീം പാർട്ട് മൂന്ന് പരീക്ഷകൾക്ക് കണ്ണൂർ, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് ലേണർ സപ്പോർട്ട് സെന്ററുകളിലെ വിദ്യാർത്ഥികൾ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ പരീക്ഷ എഴുതണം.

## ഹോസ്റ്റൽ പ്രവേശനം

തൈക്കാടും കാര്യവട്ടം ക്യാമ്പസിലും സ്ഥിതി ചെയ്യുന്ന സർലകലാശാല ഹോസ്റ്റലുകളിൽ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കാത്ത വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ 10 ദിവസം അനുവദിച്ചിട്ടുണ്ട്. http://hostel.keralauniversity.ac.in എന്ന വെബ്സൈറ്റിലൂടെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം.

## കെമാറ്റ് പ്രവേശന പരീക്ഷ 2018–19

കേരള സർവകലാശാലയുടെ ആഭിമുഖ്യത്തിലും മേൽനോട്ട സമിതിയുടെ നിയന്ത്രണത്തിലും നടത്തുന്ന എം.ബി.എ പ്രവേശന പരീക്ഷയ്ക്ക് https://kmatkerala.in/ എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കാവുന്ന അവസാന തീയതി ജൂൺ ഏഴ്. കെ മാറ്റ് കേരള, സി മാറ്റ്, ക്യാറ്റ് എന്നീ പ്രവേശന പരീക്ഷകളിൽ നിന്ന് മാത്രമേ കേരളത്തിൽ എം.ബി.എ പ്രവേശനം ലഭിക്കുകയുള്ളൂ. ഇതുവരെയും അപേക്ഷ സമർപ്പിക്കാത്തവർ എത്രയും പെട്ടെന്ന് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും പരീക്ഷാഫലം പ്രതീക്ഷിക്കുന്നവർക്കും കെ മാറ്റ് കേരള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാം. സംശയനിവാരണങ്ങൾക്കും കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8547255133.

തിരുവനന്തപുരം.
30.04.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ